(ഇ) 300 റിസോഴ്സ് ടീച്ചർമാരെ 14 ജില്ലകളിലായി മാർച്ച് മാസത്തിൽ നിയമിക്കുന്നുണ്ട്. സന്നദ്ധസംഘടനകളിലൂടെ 12 അദ്ധ്യാപകരെ വിവിധ ജില്ലകളിൽ വർഷാരംഭത്തിൽ തന്നെ നിയമിച്ചിട്ടുണ്ട്.

(എഫ്) റിസോഴ്സ് ടീച്ചർ സാധാരണ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകും. ഡയറ്റ് മുഖേന 5 ദിവസത്തെ അദ്ധ്യാപക പരിശീലനം എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ജി) ഇല്ല.

വിദ്യാഭ്യാസമേഖല ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത

29 (*269) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി കെ. കെ. ശൈലജടീച്ചർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസമേഖല ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) വിദ്യാഭ്യാസ മേഖലയിലെ ഗുരുതരമായ പ്രതിസന്ധിയുടെ കാരണങ്ങളെ കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) അഞ്ചാം പഞ്ചവത്സരപദ്ധതി മുതൽ വിദ്യാഭ്യാസ മേഖലയിലെ ചെലവ് കുറഞ്ഞു വരുന്നതാണ് വിദ്യാഭ്യാസമേഖലയിൽ നിലനില്ക്കുന്ന പ്രതിസന്ധിയ്ക്കു കാരണം എന്ന പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൊത്തം വിദ്യാഭ്യാസ് ചെലവിന്റെ എത്ര ശതമാനമാണ് മൂലധന ചെലവുകൾക്കായി ചെലവഴിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഇതിനുള്ള ശ്രമങ്ങളാണു നടന്നു വരുന്നത്. പ്രീഡിഗ്രി വേർപ്പെടുത്തലും സ്കൂൾ കരിക്കുലം പരിഷ്കരണവുമെല്ലാം ഇതിന്റെ ഭാഗമാണ്.

(ബി) ഗുരുതരമായ പ്രതിസന്ധിയുണ്ടെന്ന് സർക്കാർ കരുതുന്നില്ല. നിലവിലുള്ള വിവിധ പ്രശ്നങ്ങളെ കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇത് 0.13 ശതമാനമാണ്.

സംരക്ഷിത സ്മാരകങ്ങൾ

30 (*270) ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു. എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly